(ബി) സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 20-9-2001 വരെ ഉണ്ടായ ഒഴിവുകളിൽ തസ്തിക മാറ്റം വഴിയുള്ള നിയമനത്തിന് യോഗ്യരായ ഡിപ്പാർട്ട്മെന്റ് അദ്ധ്യാപകരുടെ കാറ്റഗറിയിൽ 172 തസ്തികകളും പി. എസ്. സി. വഴി നേരിട്ടുള്ള നിയമനത്തിന് 419 ഹയർ സെക്കണ്ടറി അദ്ധ്യാപക തസ്തികകളും 75 ജൂനിയർ ഹയർ സെക്കണ്ടറി അദ്ധ്യാപക തസ്തികകളും ഉണ്ട്. ഇതിൽ പി. എസ്. സി. വഴിയുള്ള ജൂനിയർ ഹയർ സെക്കണ്ടറി അദ്ധ്യാപക തസ്തികയുടെ അഡ്വൈസ് ലഭിച്ചിട്ടില്ല. മറ്റു ഒഴിവുകളെല്ലാം നികത്തിക്കഴിഞ്ഞു. ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനം സംസ്ഥാനതലത്തിൽ ആകയാൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

**ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലൈബ്രേറിയൻ നിയമനം**

84 [3610] *ശ്രീ. ജോണി നെല്ലൂർ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലൈബ്രേറിയൻ പോസ്റ്റ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ലൈബ്രേറിയൻമാരുടെ പോസ്റ്റ് സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ പോസ്റ്റിൽ നിയമനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഈ പോസ്റ്റിൽ ഉടൻ നിയമനം നടത്തുവാനുള്ള നടപടി സ്വീകരിക്കുമോ?

*ഉത്തരം*

(എ) ലൈബ്രേറിയൻ തസ്തിക സൃഷ്ടിച്ചിട്ടില്ല.

(ബി)—(ഡി) ലൈബ്രേറിയൻ തസ്തിക സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തസ്തികകൾ സൃഷ്ടിക്കാത്ത സാഹചര്യത്തിൽ നിയമനം നടത്താൻ സാധിക്കുകയില്ല. ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

**എസ്. സി. ഇ. ആർ. ടി. യുടെ സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം**

85 [3611] *ശ്രീ. വി. കെ. ചന്ദ്രൻ* :

,, *വി. ചെന്താമരാക്ഷൻ* :

,, *കെ. വി. കുഞ്ഞിരാമൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) എസ്. സി. ഇ. ആർ. ടി. 2005-2006-ൽ നടത്താൻ ഉദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) ഹയർ സെക്കണ്ടറി തലത്തിൽ പാഠ്യപദ്ധതി പരിഷ്ക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എസ്. സി. ഇ. ആർ. ടി. ഏറ്റെടുത്തിട്ടുണ്ടോ;

(സി) അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനായി എസ്. സി. ഇ. ആർ. ടി. 2005-2006-ലേക്ക് എന്തെല്ലാം പരിപാടികളാണ് തയ്യാറാക്കിയിട്ടുള്ളത്;

(ഡി) എസ്. സി. ഇ. ആർ. ടി.-യുടെ പ്രവർത്തനത്തിലെ സാമ്പത്തിക ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇക്കാര്യത്തിൽ സമഗ്രമായ ഒരു അന്വേഷണത്തിന് സർക്കാർ തയ്യാറാകുമോ?

*ഉത്തരം*

(എ) 2005-2006 അദ്ധ്യയന വർഷത്തിൽ ഹയർ സെക്കണ്ടറി തലത്തിൽ പാഠ്യപദ്ധതി പരിഷ്ക്കരണം നിർവഹിക്കുന്നതാണ്. പാഠപുസ്തക പരിഷ്ക്കരണം, സോഴ്സ്ബുക്ക് നിർമ്മാണം എന്നിവയും നിർവഹിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതാണ്. ഹയർ സെക്കണ്ടറി തലത്തിലെ മുഴുവൻ അദ്ധ്യാപകരെയും പരിശീലിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പത്താം തരത്തിലെ നിരന്തര മൂല്യനിർണ്ണയത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തി വിലയിരുത്തൽ രീതി തുടരുന്നതാണ്. ആറ്, ഏഴ് ക്ലാസുകളിലെ പാഠ്യപദ്ധതി പരിഷ്ക്കരണത്തിന്റെ വെളിച്ചത്തിൽ അപ്പർ പ്രൈമറി തലത്തിലെ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതാണ്. ടീച്ചർ എഡ്യൂക്കേഷൻ, കരിക്കുലം പരിഷ്ക്കരണം അതിനനുസരിച്ചുള്ള ടീച്ചർ എഡ്യൂക്കേറ്റർമാരുടെ പരിശീലനം എന്നിവയും പ്രധാന ഇനങ്ങളാണ്.

(ബി) ഉണ്ട്.

(സി) ഹയർ സെക്കണ്ടറിയിലെ മുഴുവൻ അദ്ധ്യാപകർക്കും വിഷയബന്ധിതമായി പരിശീലനം നൽകുന്നതാണ്. പുതുക്കിയ പഠനബോധന പ്രക്രിയയും, മൂല്യനിർണ്ണയവും അനുസരിച്ചുള്ള പരിശീലനം അഞ്ചു ദിവസം നീണ്ടുനിൽക്കുന്നതായിരിക്കും. ആറ്, ഏഴ് ക്ലാസുകളിലെ അദ്ധ്യാപക പരിശീലനം, പത്താം തരത്തിലെ നിരന്തര മൂല്യനിർണ്ണയത്തിലെ മാറ്റങ്ങൾക്കനുസരിച്ചുള്ള പരിശീലനം എന്നിവയും നിർവഹിക്കുന്നതാണ്.

(ഡി) & (ഇ) മുൻകാലങ്ങളിലുള്ള ചില പ്രോഗ്രാമുകളുടെ കണക്കുകൾ തീർപ്പാക്കാത്തത് സംബന്ധിച്ചുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എസ്. സി. ഇ. ആർ. ടി. യുടെ ഭരണസമിതി തീരുമാനപ്രകാരം കണക്കുകൾ തീർപ്പാക്കുന്നത് സംബന്ധിച്ചുള്ള വിവരങ്ങൾ വിദ്യാഭ്യാസ ഡയറക്ടർ ശേഖരിക്കുകയും കണക്കുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly